വിവരാവകാശ നിയമം 2005

അടിയന്തരം

കേരള സർക്കാർ

നം.262/സി3/2018/സാനീവ

സാമൂഹ്യനീതി(സി) വകുപ്പ്

തീയതി, തിരുവനന്തപുരം, 10/08/2018.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി.

11213 11214

ശ്രീ.കെ.എം.താജുദ്ധീൻ
കുഴിമണ്ണിൽ ഹൗസ്, പാണ്ടികശാല, കുരിയാട്,
മലപ്പുറം ജില്ല.

സർ,

വിഷയം : സാനീവ –വിവരാവകാശ നിയമം 2005 - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന : ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ.ആർ.13) വകുപ്പിന്റെ 01/08/2018 തീയതിയായി 230/എ.ആർ.13(2)/18/ഉഭപവ. കത്തുപ്രകാരം 3/8/2018-ന് ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 21/06/2018 ലെ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലെ താങ്കളുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിയ്ക്കുന്ന വിവരങ്ങൾ ഈ സെക്ഷനിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി ആയതിന്റെ പകർപ്പ്, വിവരാവകാശ നിയമം 2005 സെക്ഷൻ 6(3) പ്രകാരം സാമൂഹ്യനീതി വകുപ്പിലെ വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും സെക്രട്ടേറിയറ്റിലെ സാമൂഹ്യനീതി വകുപ്പിലെ മറ്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

ഈ മറുപടിയിൽ ആക്ഷേപമുള്ള പക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം താങ്കൾക്ക് താഴെക്കൊടുക്കുന്ന മേൽവിലാസത്തിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

ശ്രീമതി.ലീലാമണി.കെ.എം.
അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

PC
18/8/2018 AD Cply

വിശ്വസ്തതയോടെ,

അനിൽ കുമാർ.സി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി

പകർപ്പ്: 1) സാമൂഹ്യനീതി വകുപ്പിലെ എല്ലാ വകുപ്പദ്ധ്യക്ഷന്മാരുടെയും ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക്.
(അപേക്ഷകന് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് സഹിതം).

2) സെക്രട്ടേറിയറ്റിലെ എ,ബി,ഡി,ഇ എന്നീ സെക്ഷനുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക്. (വിവരം ലഭ്യമാണെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകനെ നേരിട്ട് അറിയിക്കുവാൻ താത്പര്യപ്പെടുന്നു).

File No.PS/654/2018-PandARD
: 2724913/2018/P&ARD(OS)

230/18 11 (6)

Gr - 45 42548
2016

10 Rs.10 COURT FEE भारत INDIA दस रुपये TEN RUPEES

21/06/18

E - 2628491/18

പ്രേക്ഷിതൻ,

കെ.എം. താജുദ്ധീൻ
കുഴിമണ്ണിൽ ഹൗസ്
പാണ്ടികശാല, കുരിയാട്, മലപ്പുറം ജില്ല
676306

സ്വീകർത്താവ്,

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
പൊതു ഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
തിരുവനന്തപുരം

വിഷയം : വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ അറിയുന്നത് സംബന്ധിച്ച്

സർ,

1. 2014 ജൂൺ 1 മുതൽ 2018 ജൂൺ 1 വരെ സർക്കാറിന്റെ ഏതെല്ലാം വകുപ്പുകളിലാണ് സന്നദ്ധ സംഘടനകൾ (NGO) വഴി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ?

   a) പദ്ധതിയുടെ പേര് ? b) വകുപ്പിന്റെ പേര് ?
   c) NGO യുടെ പേരുകൾ

2. ഏതെല്ലാം വകുപ്പിലാണ് NGO കളെ എം പാനൽ ചെയ്തത് ?

   a) വകുപ്പിന്റെ പേര് ? b) ഇതിന്റെ മാനദണ്ഡം ?

3. മേൽപറഞ്ഞ കാലയളവിൽ എത്ര രൂപയാണ് NGO കൾക്ക് അനുവദിച്ചത് ?

എന്നീ വിവരങ്ങൾ വിവരാവകാശ നിയമം 2005 പ്രകാരം അനുവദിച്ച് തരുവാൻ വിനീതമായ അപേക്ഷ

എന്ന്,

21/6/18

കെ.എം. താജുദ്ധീൻ